പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 5575 | 24.05.2017 ൽ മറുപടിക്ക്

# കൊങ്കൺ പാത ഇരട്ടിപ്പിക്കുന്നത് കൊണ്ട് സംസ്ഥാനത്തിന് കൈവരിക്കാനാകുന്ന നേട്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി :<br>ശ്രീ.ടി.എ.അഹമ്മദ് കബീർ :<br>ശ്രീ.ഡോ.എം. കെ. മുനീർ :<br>ശ്രീ.എൻ. ഷംസുദ്ദീൻ : | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കൊങ്കൺ റെയിൽവേയിൽ സംസ്ഥാനത്തിന്റെ ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) കൊങ്കൺ റെയിൽവേയിൽ നിലവിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) നിലവിൽ കേരള സർക്കാരിന് കൊങ്കൺ റെയിൽവേയുടെ ഓഹരിയിൽ 6% പങ്കാളിത്തമായി 48,38,80,000/- രൂപ ഉണ്ട്. |
| (സി) കൊങ്കൺ പാതയുടെ ഇരട്ടിപ്പിക്കൽ നടപടികൾ കൊണ്ട് സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് വിശദമാക്കുമോ? | (സി) 1998 ൽ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് പ്രവർത്തനമാരംഭിച്ച ശേഷം ഇൻഡ്യയുടെ വടക്ക് - പടിഞ്ഞാറൻ സംസ്ഥാനങ്ങളിലേയ്ക്ക് കേരളീയരുടെ യാത്രയിൽ 15 മുതൽ 20 മണിക്കൂർ വരെ കുറവ് വരുത്താൻ കഴിഞ്ഞു. അതിനുമുൻപ് കാസർഗോഡ് ജില്ലയിലെ ആളുകൾക്ക് മുംബൈയിൽ എത്തിച്ചേരുന്നതിന് 40 മണിക്കൂർ വേണ്ടി വന്നിരുന്നു. ഇപ്പോൾ ആ സ്ഥാനത്ത് 16 മുതൽ 17 മണിക്കൂർ മതിയാകും. കൊങ്കൺ വഴി ഭക്ഷ്യധാന്യങ്ങൾ സൗകര്യപ്രദമായും വളരെ വേഗത്തിലും കൊണ്ടു വരുന്നതിന് |

സഹായകമാകുന്നുണ്ട്. ഇപ്പോൾ 26 ജോഡി പ്രതിദിനം / പ്രതിവാര ട്രെയിനുകൾ കേരളത്തിൽ നിന്ന് മുംബൈയിലേക്കും തിരിച്ചും കൊങ്കൺ വഴി സർവ്വീസ് നടത്തി വരുന്നു. എന്നിരുന്നാൽ പോലും യാത്രക്കാർക്ക് ടിക്കറ്റ് ഉറപ്പാക്കാൻ കഴിയുന്നില്ല. കൊങ്കൺ പാത ഇരട്ടിപ്പിക്കുകയാണെങ്കിൽ ധാരാളം ആളുകൾക്ക് കേരളത്തിൽ നിന്ന് രാജ്യത്തിന്റെ വടക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് സുഗമമായി സഞ്ചരിക്കുന്നതിനും ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ള ചരക്ക് കടത്ത് വേഗത്തിലാക്കുന്നതിനും മൊത്തത്തിൽ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമാവുകയും ചെയ്യും.

സെക്ഷൻ ഓഫീസർ